Page 1 of 2

റേഷൻ വിതരണം പൂർത്തിയായാൽ ഉടനെതന്നെ റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ അനുവദിച്ച് നൽകുന്നുണ്ട്. ടി ഇനത്തിൽ 2021 ഓഗസ്റ്റ് മാസംവരെയുള്ള കമ്മീഷൻ നൽകിയിട്ടുണ്ട്. കോവിഡിനോടനുബന്ധിച്ച് 2020 ഏപ്രിൽ മാസത്തിൽ വിതരണം ചെയ്ത കിറ്റുകൾക്കും ഓണത്തോടനുബന്ധിച്ച് 2020 ആഗസ്റ്റ്/ സെപ്റ്റംബർ മാസങ്ങളിൽ വിതരണം ചെയ്ത കിറ്റുകൾക്കും കൈകാര്യ ചെലവിനത്തിൽ 10,60,28,792 രൂപ അനുവദിച്ചിട്ടുണ്ട്. ഒക്ടോബർ 2020 മുതൽ ജനുവരി 2021 വരെ വിതരണം നടത്തിയ അതിജീവന കിറ്റുകൾക്ക് റേഷൻ വ്യാപാരികൾ ആവശ്യപ്പെടുന്ന കൈകാര്യച്ചെലവ് നൽകാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) ഇല്ലെങ്കിൽ ഈയിനത്തിൽ എത്ര തുക കുടിശ്ശികയുണ്ടെന്ന് വിശദമാക്കുമോ?

2020 ഒക്ടോബർ മുതൽ 2021 ജൂൺവരെ വിതരണം നടത്തിയ കിറ്റുകൾക്കും 2021 ആഗസ്റ്റ് മാസം വിതരണം ചെയ്ത ഓണക്കിറ്റുകൾക്കും കൈകാര്യചെലവ് വേണമെന്ന റേഷൻ വ്യാപാരികളുടെ ആവശ്യം പരിഗണിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) കുടിശ്ശിക എപ്പോൾ കൊടുത്ത് തീർക്കുമെന്ന് വ്യക്തമാക്കാമോ?

ഒക്ടോബർ 2020 മുതൽ വിതരണം ചെയ്ത അതിജീവന കിറ്റുകൾക്ക് റേഷൻ വ്യാപാരികൾ ആവശ്യപ്പെടുന്ന കൈകാര്യച്ചെലവ് നൽകേണ്ടതുണ്ടോ എന്ന കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(ഡി) റേഷൻ ഡീലർമാർക്കുള്ള മാർജിൻ യഥാകാലങ്ങളിൽ പരിഷ്കരിക്കണമെന്ന് ടി.പി.ഡി.എസ്. ചട്ടങ്ങൾ 2021-ൽ പരാമർശിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പരാമർശിച്ചിട്ടില്ല.

ഭക്ഷ്യക്കിറ്റ് കമ്മീഷൻ കുടിശ്ശിക

293 (293) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ കിറ്റുകളുടെ കമ്മീഷൻ കുടിശ്ശിക റേഷൻ വ്യാപാരികൾക്ക് പൂർണ്ണമായും കൊടുത്ത് തീർത്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) ഇല്ലായെങ്കിൽ പ്രസ്തുത ഇനത്തിൽ എത്ര രൂപ നൽകാനുണ്ടെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കുടിശ്ശിക അടിയന്തരമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; കുടിശ്ശിക നൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

(എ-സി) കോവിഡ് വ്യാപനത്തെത്തുടർന്നുള്ള പ്രത്യേക സാഹചര്യത്തിൽ സംസ്ഥാനത്ത് അതിജീവന കിറ്റുകൾ വിതരണം ചെയ്ത വകയിൽ 2 തവണയായി 10.16 കോടി രൂപ റേഷൻ വ്യാപാരികൾക്ക് നൽകിയിട്ടുണ്ട്. ഇതിനുപുറമെ 1000 രൂപ ഓണറേറിയവും നൽകിയിട്ടുണ്ട്. അതിജീവന കിറ്റുകൾ അനുവദിച്ച വകയിൽ തുക അനുവദിക്കണമെന്ന റേഷൻ വ്യാപാരികളുടെ ആവശ്യം പരിഗണിക്കാൻ കഴിയുമോയെന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

ഓണക്കിറ്റ്

294 (294) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്ത ഓണക്കിറ്റ് ഓണത്തിനുമുൻപ് എല്ലാ കുടുംബങ്ങളിലേയ്ക്കും എത്തിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

2021 തിരുവോണത്തിനുമുമ്പ് റേഷൻകടകളിൽ സൗജന്യ ഓണക്കിറ്റ് വാങ്ങാനെത്തിയ എല്ലാ കാർഡുടമകൾക്കും ഓണക്കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി സപ്ലൈകോ ഡിപ്പോകൾ, പാക്കിംഗ് സെന്ററുകൾ, റേഷൻകടകൾ എന്നിവ 19-8-2021, 20-8-2021 (ഉത്രാടം) എന്നീ അവധി ദിവസങ്ങളിൽവരെ പ്രവർത്തിച്ച് സൗജന്യ കിറ്റ് വിതരണം നടത്തിയിട്ടുണ്ട്. റേഷൻ കടകളിൽ സൗജന്യ കിറ്റ് ആവശ്യപ്പെട്ട് എത്തുന്ന എല്ലാവർക്കും കിറ്റ് ലഭ്യമാക്കാൻ ഡിപ്പോകൾക്ക് കർശന നിർദ്ദേശം നൽകിയിരുന്നു. ഓണത്തിന് കിറ്റ് കൈപ്പറ്റാൻ എത്താതിരുന്ന കാർഡുടമകൾക്കുകൂടി സൗജന്യകിറ്റ് കൈപ്പറ്റാനായി കിറ്റ് വിതരണം 3-9-2021 വരെ ദീർഘിപ്പിച്ചിരുന്നു.

(ബി) പ്രസ്തുത കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങൾ വാങ്ങിയത് സംബന്ധിച്ച് ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സൗജന്യ ഭക്ഷ്യക്കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങൾ സുതാര്യമായ ഇ-ടെണ്ടർ മുഖേനയും ക്വത്യമായ മാനദണ്ഡങ്ങൾ പാലിച്ച് ഡിപ്പോ മാനേജ്മെന്റ് കമ്മിറ്റി (DMC) മുഖേന കുടുംബശ്രീ, സഹകരണ സംഘങ്ങൾ, മറ്റ് വിതരണക്കാർ മുതലായവരിൽനിന്നുമാണ് സപ്ലൈകോ വാങ്ങിക്കുന്നത്. കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങൾ വാങ്ങിയത് സംബന്ധിച്ച് ക്രമക്കേടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരുന്നത്; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly